ഉത്തരം

(എ) ഇത് സംബന്ധിച്ച നിവേദനം ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) 2001-2002-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചുകഴിഞ്ഞതിനാൽ ഈ വർഷം ഈ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കയ്യൂർ ഗവ. ഐ. ടി. ഐ. യ്ക്ക് ഫർണിച്ചർ**

215 (1150) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനം ആരംഭിച്ച കയ്യൂർ ഗവ. ഐ.ടി.ഐ.യ്ക്ക് ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതനുസരിച്ച് ഈ സ്ഥാപനങ്ങളിൽ എത്ര രൂപയുടെ ഫർണിച്ചറുകളും ഉപകരണങ്ങളും നൽകിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കയ്യൂർ ഗവ. ഐ. ടി. ഐ. യ്ക്ക് ഫർണിച്ചർ സംഭരണത്തിനായി 9-10-98 ലെ ജി. ഒ. (ആർ.ടി) നം. 3121/98/തൊഴിൽ ഉത്തരവു പ്രകാരം 4,85,425 രൂപയ്ക്കും, യന്ത്ര സാമഗ്രികളുടെ സംഭരണത്തിനായി 25-11-98 ലെ ജി.ഒ. (ആർ.ടി) 3760/98/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം 36 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ ഉത്തരവ് അനുസരിച്ച് കയ്യൂർ ഗവ. ഐ. ടി. ഐ. ലെ നാലു ട്രേഡുകളിലേയ്ക്കും ആയി 8,99,435 രൂപയുടെ ഉപകരണങ്ങളും 1,35,605 രൂപയുടെ ഫർണിച്ചറുകളും സംഭരിച്ചു നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഉദ്ദേശം 70,000 രൂപാ വിലവരുന്ന 10 വീതം കമ്പ്യൂട്ടർ ടേബിളുകളും കസേരകളും 'കോപാ' ട്രേഡിലേയ്ക്ക് എ.വി.ടി.എസ് കളമശ്ശേരിയിൽ നിന്നും നൽകിയിട്ടുണ്ട്. ഡീസൽ മെക്കാനിക്ക് ട്രേഡിലേയ്ക്ക് ആവശ്യമായ 4 ഡീസൽ വാഹനങ്ങൾ ഉദ്ദേശം 1,25,000 രൂപ വിലയ്ക്കുള്ളത് ടൂറിസം വകുപ്പിൽ നിന്നും സംഭരിച്ചിട്ടുണ്ട്. ആയത് കൊണ്ടുപോകുന്നതിന് കയ്യൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫ്യൂജിയറ്റ്, ടൊയോട്ടോ എന്നീ ഡീസൽ മെക്കാനിക് ട്രേഡിലേയ്ക്കാവശ്യമായ 8 ഡീസൽ എൻജിനുകൾ ഉദ്ദേശം 32,000 രൂപയ്ക്കുള്ളത് ടൂറിസം വകുപ്പിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ബഞ്ച് ടൈപ്പ് ഡ്രില്ലിംഗ് മെഷീൻ രണ്ടെണ്ണം വാങ്ങുന്നതിന് 10,856 രൂപയുടെ വിതരണ ഉത്തരവ് മെ.എ.കെ. എന്റർപ്രൈസസിന് നൽകിയിട്ടും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly